# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: :11.05.2024 മുതൽ 15.05.2024വരെ)

## കണ്ണൂർജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എൻ.ആർ- 38/2024 | തീയ്യതി: 10/05/2024 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 35.1 – 35.8 | 27.9 – 28.2 | 62 – 79 | 02 – 10 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 11-05-2024 | 12-05-2024 | 13-05-2024 | 14-05-2024 | 15-05-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 2 | 2 | 2 | 3 | 4 |
| കൂടിയതാപനില, °C | 36 | 35 | 35 | 35 | 35 |
| കുറഞ്ഞതാപനില, °C | 28 | 28 | 28 | 28 | 28 |
| കൂടിയആപേക്ഷികആർദ്രത, % | 79 | 79 | 79 | 79 | 79 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 62 | 62 | 62 | 62 | 62 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 2 | 4 | 2 | 4 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 270 | 290 | 270 | 290 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട മഴ **** | | |
| | ഒറ്റപ്പെട്ട ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യതയുണ്ട്. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലയും ആകാശം ഭാഗികമായോ മുഴുവനായോ മേഘാവൃതമായിരിക്കും. വായു ഈർപ്പം കുറഞ്ഞു വരണ്ടതായിരിക്കും. മെയ്,10,11,12,13 നും ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലി വരെ) | | |

| | | | |
|---|---|---|---|
| **<u>പൊതുനിർദ്ദേശങ്ങൾ</u>** | ഒറ്റപ്പെട്ട ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യതയുണ്ട് .<br>മഴക്കുഴികളിൽ തൂർന്നു പോയവ വീണ്ടെടുക്കുക.<br>വിളകളുടെ തടത്തിൽ കരിയിലകൾ ഉപയോഗിച്ച് പുതയിടുക.<br>വൃക്ഷ വിളകൾക്ക് വളം ചേർത്തതിന് ശേഷം മുഴുവനായും മൂടാത്ത തടങ്ങൾ നല്ല ജലസംഭരണികൾ കൂടിയാണ്. പറമ്പിൽ ഒലിച്ചു പോകുന്ന വെള്ളം ചാലുകൾ എടുത്തു ഇതിലേക്ക് തിരിച്ചു വിടുന്നത് നന്നായിരിക്കും.<br>കൊപ്ര, കശുവണ്ടി, വിത്തുകൾ റബർ എന്നിവ വെയിലത്തിട്ടു വെയിലത്തിട്ടു ഉണക്കുമ്പോൾ ജാഗ്രത വേണം. നേന്ദ്രൻ വാഴയ്ക്ക് താങ്ങുകൾ നൽകുക. | | |
| തെങ്ങ് | വിവിധ ഘട്ടം | വെള്ളീച്ച  | താഴത്തെ നിരയിലുള്ള ഓലകളുടെ മുകൾഭാഗത്ത് കൂട്ടം കൂട്ടമായി കാണുന്നു. ഈച്ചകളുടെ സ്രവത്തിൽ കറുത്ത പൂപ്പലുകൾ വളരുന്നു.ഹരിതകം മറയ്ക്കപ്പെടുന്നതിനാൽ ചെടികൾക്ക് ക്രമേണ ക്ഷീണം ബാധിക്കുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സംതുലിത വളപ്രയോഗം അവലംബിക്കുക. ‘അയർ’ സൂക്ഷ്മ മൂലക മിശ്രിതം 500 ഗ്രാം വീതം തെങ്ങുകൾക്ക് തടത്തിൽ ചേർത്തു കൊടുക്കുക. |
| കുരുമുളക് | വിവിധ ഘട്ടങ്ങൾ | വരൾച്ച  | ഉണങ്ങിയ വാഴയില, മടഞ്ഞ ഓല തുടങ്ങിയവ കൊണ്ട് വെയിൽ കൊള്ളാത്ത വിധം വള്ളിയുടെ അടിവശം പൊതിയുക. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും ജലസേചനം നൽകുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം/ ഇല മഞ്ഞളിപ്പ് മുതലായവ  | മുൻ കരുതലായി പ്സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനി തടത്തിൽ കുതിർക്കുക |
| പയർ | വിവിധ ഘട്ടം | മണ്ഡരി  | സ്പൈറോമെസിഫെൻ (0.7മില്ലി/ലി) വെള്ളത്തിൽ കലക്കി ചെടിയുടെ ഇലകളിൽ തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| പച്ചമുളക് | വിവിധ ഘട്ടം | വെള്ളീച്ച  | വെള്ളീച്ച : തയാമെതോക്സാം 2 ഗ്രാം/ 10ലിറ്റർ എന്ന തോതിൽ തളിക്കുക. |
| കശുമാവ് | വിളവെടുപ്പ് ഘട്ടം | തടിതുരപ്പൻ   | തായ്ത്തടികളിലും പുറമെ കാണുന്ന വേരുകളിലും കാർബോസൾഫാൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി പുരട്ടുകയും മണ്ണിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യുക.<br>5 വർഷത്തിന് മുകളിൽ പ്രായമായ മരങ്ങളാണെങ്കിൽ ചെളി : ടാർ - മണ്ണെണ്ണ മിശ്രിതം (1:2അനുപാതത്തിൽ) മുൻകരുതലായി കൊടുക്കാവുന്നതാണ്.<br>മണ്ണിനു വെളിയിൽ കാണുന്ന വേരുകൾ മണ്ണിട്ട് മൂടുക. |
| കവുങ്ങ് | കായ്ക്കുന്ന സമയം | പൂങ്കുല കരിച്ചിൽ  | ഉയർന്ന താപ ആർദ്ര സ്ഥിതി തുടരുന്നതിനാൽ രോഗം ഉണ്ടാകാൻ സാധ്യത. രോഗം കാണുകയാണെങ്കിൽ ഹെക്സകൊണസോൾ 1 മില്ലി /ലിറ്റർ അല്ലെങ്കിൽ ബോർഡോ മിശ്രിതം 1 % എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| കോഴികളും വളർത്തു പക്ഷികളും | വിവിധ ഘട്ടം | വേനൽക്കാലപിരിമുറുക്കങ്ങളും രോഗങ്ങളും :  | അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക.ഫാൻ, ദേഹത്തു തണുത്ത വെള്ളം തൂവുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ് , ഒരു ശതമാനം സോഡിയം ബൈ കാർബോണറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ - സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക |

| | | | |
|---|---|---|---|
| മൃഗ സംരക്ഷണം | വിവിധ ഘട്ടം | <u>അത്യോഷ്മാവ്</u><br><br>അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത് വഴി മൃഗങ്ങളുടെ ശരീരം<br><br>താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന്. തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ ബാധിക്കുക, മദിചക്രത്തെയും ഗർഭ ധാരണത്തെയും ബാധിക്കുക, ഉൽപ്പാദനം കുറയുക, പാലിന്റെ കൊഴുപ്പിന്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും . | തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽവൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും.<br><br>തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്.<br><br>ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീര ഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാംശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക.<br><br>എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.<br><br>പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത്<br>(ഉടൻനടപടിയെടുക്കുക)** | **ജാഗ്രത<br>(തയ്യാറാവുക)** | **ശ്രദ്ധ<br>(കാതോർക്കുക)** | **നിസ്സാരം<br>(നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി